തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പുനർവിന്യാസ നടപടിക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് തസ്തിക പുനഃക്രമീകരിച്ചശേഷം നിയമനങ്ങൾ നടത്തുന്നതാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഡി) ജീവനക്കാരുടെ അഭാവം കാരണം ഏതെങ്കിലും പ്രവർത്തനങ്ങൾ നടത്താൻ തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദവിവരം നൽകുമോ?

ഇല്ല.

സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസം

100(5547) ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിൽ വനം വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനത്തിന്റെ ഭാഗമായി സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

സംസ്ഥാനത്ത് റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി വനം വകുപ്പിനുകീഴിൽ നടത്തിവരുന്ന പദ്ധതികളിൽ വനത്തിനകത്തുള്ള ആദിവാസി ഇതര സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസവും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പുനരധിവാസത്തിന് സന്നദ്ധമാകുന്ന ആദിവാസി ഇതര കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന് കീഴിലുള്ള ആദിവാസി ഇതര വിഭാഗങ്ങളുടെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം അർഹമായ ഒരു കുടുംബത്തിന് 15 ലക്ഷം രൂപ എന്ന നിരക്കിൽ നൽകി നാല് വനം ഡിവിഷനുകളിലെ 22 സെറ്റിൽമെന്റുകളിലായി 677 ആദിവാസി ഇതര കുടുംബങ്ങളെ വനത്തിന് പുറത്തേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനാണ് ലക്ഷ്യമാക്കുന്നത്. ഈയിനത്തിൽ ആകെ 291.96 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനായി തെരഞ്ഞെടുക്കപ്പെട്ട ഡിവിഷനുകളും സെറ്റിൽമെന്റുകളും ഏതെല്ലാമാണെന്ന വിവരം അറിയിക്കാമോ?

റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിലെ വനത്തിനകത്തുള്ള സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസം എന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഡിവിഷനുകളുടെയും സെറ്റിൽമെന്റുകളുടെയും പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ഡി) ഇവയിൽ ഇതുവരെ അംഗീകാരം നൽകിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് ലെവൽ എംപവേഡ് കമ്മിറ്റി (SLEC) 78 അർഹതപ്പെട്ട കുടുംബങ്ങളുടെ (ശെന്തുരുണി വൈൽഡ് ലൈഫ് ഡിവിഷനിലെ കുട്ടിളപ്പാറ സെറ്റിൽമെന്റിലെ 57 അർഹതപ്പെട്ട കുടുംബങ്ങൾക്കും കാസർഗോഡ് ഡിവിഷനുകീഴിൽ വരുന്ന അട്ടൂർ മുചാംതുള്ളി സെറ്റിൽമെന്റിലെ 14 അർഹതപ്പെട്ട കുടുംബങ്ങൾക്കും ഒറ്റമല സെറ്റിൽമെന്റിലെ 7 അർഹതപ്പെട്ട കുടുംബങ്ങൾക്കും) പുനരധിവാസത്തിന് അംഗീകാരം നൽകിയിട്ടുണ്ട്.

ജലാശയങ്ങളിലെ സൗരോർജ്ജ പ്ലാന്റുകൾമൂലം പരിസ്ഥിതിക്കുള്ള കോട്ടം

101(5548) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. യു. എ. ലത്തീഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിലെ ജലാശയങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പദ്ധതിക്കായി ഒരുക്കുന്ന അനുബന്ധ സംവിധാനങ്ങൾ പരിസ്ഥിതിയെയും വന്യമൃഗങ്ങളുടെ ആവാസ വ്യവസ്ഥയേയും ദോഷകരമായി ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

&

(ബി) പ്രസ്തുത സംവിധാനങ്ങൾ വനമേഖലയെ ദോഷകരമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്; വിശദാംശം നൽകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly